**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4661**

**23-7-2015** ലെ മറുപടിക്ക്

## സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) സഹകരണ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയതിൽ<br>(1) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31.03.2016 ൽ 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശം<br>(2) ആദായ നികുതി നിയമ പ്രകാരം ആദായ നികുതി നൽകുന്നതിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുണ്ടായിരുന്ന ഇളവ് അനുവാദം എടുത്തുകളയുകയും, സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റ്റി.ഡി.എസ് ബാധകമാക്കിയതും, ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപങ്ങളുടെ വിവരം ആദായനികുതി വകുപ്പ് ആവശ്യപ്പെടുന്നതും ആദായനികുതി വകുപ്പ് ചില സഹകരണ സംഘങ്ങളിൽ നടത്തുന്ന പരിശോധനയും.<br>(3) സഹകരണ സംഘങ്ങൾ/ബാങ്കുകളെ ബാങ്കിംഗ് ഇതര സേവനങ്ങളും ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങൾ സർവ്വീസ് ടാക്സ് നൽകണമെന്നും, സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ എടുക്കണമെന്നും ഇതു സംബന്ധിച്ചുള്ള സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് വകുപ്പിന്റെ നടപടികളും-<br>(4) റിസർവ്വ് ബാങ്കിന്റെ വായ്പാ നയത്തിന്റെ ഭാഗമായി എസ്.എൽ.ആർ/സി.ആർ.ആർ നിരക്കുകളിൽ വരുന്ന മാറ്റവും സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന |

എസ്.എൽ.ആർ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശവും

(5) വിവിധ കടാശ്വാസ പദ്ധതികൾ നടപ്പാക്കിയതിലൂടെ സംഘങ്ങൾക്കുണ്ടാകുന്ന ഭീമമായ നഷ്ടവും

(6) സഹകരണ മേഖലയിലെ ഉയർന്ന നിഷ്ക്രിയ ആസ്തി/കുടിശ്ശിക നിലവാരവും, വായ്പാ തിരിച്ചടവിൽ വായ്പക്കാർ കാണിക്കുന്ന അനാസ്ഥയും

(7) സഹകരണ മേഖലയിലെ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഭീമമായ കുടിശ്ശികകൾ നിമിത്തം റവന്യൂ റിക്കവറി നടപടികൾ നേരിട്ടു വരുന്നതും

(8) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിച്ച ധനസഹായങ്ങൾ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായതും പല സംഘങ്ങളും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയും, വാടക നൽകാൻ പോലും കഴിയാത്ത സാഹചര്യവും, പ്രവർത്തന മൂലധനത്തിന്റെ അഭാവവും, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകൾ സർക്കാർ കാലാകാലങ്ങളിൽ എഴുതിതള്ളുമെന്ന ധാരണയിൽ വായ്പ തുക അംഗങ്ങൾ തിരിച്ചടക്കാത്ത സാഹചര്യവും, ഇതുമൂലം സർക്കാരിൽ നിന്നും സംഘങ്ങൾക്ക് ലഭിച്ചിട്ടുള്ള ധനസഹായവും സംഘങ്ങൾക്ക് യഥാസമയം തിരിച്ചടക്കാൻ കഴിയാത്തതും സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

| | |
|---|---|
| ബി) വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) 31.03.2015 ലെ സ്ഥിതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിൽ 5509.08 കോടിയും, ജില്ലാ സഹകരണ ബാങ്കുകളിൽ 39853.43 കോടിയും, പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ 87516.45 കോടിയും ഉൾപ്പെടെ ആകെ 1,32,878.96 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ളത്. |

| | |
|---|---|
| സി) സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന പണം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ? | (സി) പൊതുമേഖലാ/വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് നിയമാനുസൃത കരുതലുകൾ കഴിച്ച് സഹകരണ സ്ഥാപനങ്ങളുടെ മിച്ചധനം സംസ്ഥാനത്തിന്റെ വികസനത്തിനും സഹകാരികൾക്കും വായ്പയായി നൽകുകകയാണ് ചെയ്യുന്നത്. മിച്ചധനത്തിന്റെ ലഭ്യത അനുസരിച്ച് അതാതു സഹകരണ സ്ഥാപനങ്ങൾ വായ്പാ പദ്ധതി ആവിഷ്കരിക്കുകയും അതാതു സംഗതിയിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ/നബാർഡ്/സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം വായ്പ നൽകുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് കെ.എസ്.ആർ.ടി.സി ക്കും, എറണാകുളം ജില്ലാ സഹകരണ ബാങ്ക് കൊച്ചി മെട്രോക്കും, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 'കേപ്പിനും' വായ്പ അനുമതി നൽകിയിട്ടുണ്ട്. പൊതുവായ ഒരു വായ്പാ പദ്ധതി ആവിഷ്കരിക്കാതെ ഇത്തരത്തിലുള്ള പ്രത്യേക പദ്ധതികൾക്ക് സഹകരണ ബാങ്കുകളെ സമീപിക്കുന്ന സാഹചര്യത്തിൽ അതാതു ബാങ്കുകളുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സംസ്ഥാനത്തിന്റെ വികസനത്തിന് സഹകരണ സ്ഥാപനങ്ങളുടെ മിച്ചധനം വിനിയോഗിക്കുകയാണ് സഹകരണ മേഖല അനുവർത്തിച്ചുവരുന്നത്. ഇതിന് പുറമെ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ 1000 പുതിയ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് സഹകരണ ബാങ്കുകൾ ധനസഹായം നല്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ